# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.267** **08.05.2017 ലെ മറുപടിയ്ക്ക്**

**പൊതുമരാമത്ത് വകുപ്പിൽ സോയിൽ ഇൻവെസ്റ്റിഗേഷൻ വിംഗ് രൂപീകരണം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.മോൻസ് ജോസഫ്<br>ശ്രീ.റോഷി അഗസ്റ്റിൻ<br>ശ്രീ.സി.എഫ്.തോമസ്<br>ഡോ.എൻ.ജയരാജ് | ശ്രീ.ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് പൊതുമരാമത്ത് വകുപ്പിന് കീഴിൽ നിർമ്മിക്കുന്ന എല്ലാ കെട്ടിട നിർമ്മാണങ്ങൾക്കും സോയിൽ ഇൻവെസ്റ്റിഗേഷൻ നിർബന്ധമാക്കി ഉത്തരവായിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) സംസ്ഥാനത്ത് പൊതുമരാമത്ത് വകുപ്പിന് കീഴിൽ നിർമ്മിക്കുന്ന എല്ലാ കെട്ടിട നിർമ്മാണങ്ങൾക്കും പൊതുമരാമത്ത് മാന്വൽ പ്രകാരം സോയിൽ ഇൻവെസ്റ്റിഗേഷൻ നടത്തണമെന്ന് നിബന്ധനയുണ്ട്. |
| (ബി) നിലവിൽ ഇപ്രകാരം സോയിൽ ഇൻവെസ്റ്റിഗേഷൻ നടത്തുന്നതിന് എന്ത് സംവിധാനമാണ് പൊതുമരാമത്ത് വകുപ്പിനുള്ളത്; വ്യക്തമാക്കുമോ; | (ബി) പ്രവൃത്തിയുടെ അടിയന്തിര സ്വഭാവവും, പ്രാധാന്യവും കണക്കിലെടുത്ത് അതാത് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് വകുപ്പ് മുഖേനയോ മറ്റ് ഏജൻസികൾ മുഖേനയോ (ഉത്തരവ് നം.1106/2016/പൊ.മ.വ. തീയതി 27.07.2015 പ്രകാരമുള്ള എം പാനൽഡ്കൺസൾട്ടന്റ്) ഇൻവെസ്റ്റിഗേഷൻ ചെയ്യാൻ മാന്വലിൽ വ്യവസ്ഥയുണ്ട്. |
| (സി) സോയിൽ ഇൻവെസ്റ്റിഗേഷനുവേണ്ടി ഇതര ഏജൻസികളുടെ സഹായം തേടുന്നതുമൂലം നിർമ്മാണ പ്രവൃത്തികൾ അനന്തമായി നീളുന്നത് ഒഴിവാക്കാൻ പൊതുമരാമത്ത് വകുപ്പിനു കീഴിൽ സോയിൽ ഇൻവെസ്റ്റിഗേഷൻ വിംഗിന് രൂപം നൽകാൻ നടപടി സ്വീകരിക്കുമോ എന്ന് വെളിപ്പെടുത്തുമോ? | (സി) 10.04.2017 ലെ സ.ഉ.(കൈ)നം.24/2017/ പൊ.മ.വ. പ്രകാരം തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ക്വാളിറ്റി കൺട്രോൾ റീജിയണൽ ലാബുകളോടുകൂടി ഒരു ഇൻവെസ്റ്റിഗേഷൻ യൂണിറ്റും കൂടി തുടങ്ങുവാനായി നടപടി സ്വീകരിച്ചിട്ടുണ്ട്. ഇത് പൂർണ്ണരൂപത്തിൽ നിലവിൽ വരുന്നതോടുകൂടി സോയിൽ ഇൻവെസ്റ്റി-ഗേഷനുവേണ്ടി ഉണ്ടാകുന്ന കാലതാമസം ഒരു പരിധിവരെ കുറയ്ക്കാൻ കഴിയുന്നതാണ്. |

Omaden

**സെക്ഷൻ ഓഫീസർ**